പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 672 | 11.06.2014- ലെ മറുപടിക്ക് |

## ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കൽ തടയാൻ നിയമനിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പഴകിയതും മായം ചേർത്തതുമായ ഭക്ഷണ പദാർത്ഥങ്ങൾ പിടിച്ചെടുത്ത് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഏത് വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്; | എ) | 2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കും, കമ്മീഷണർ നിയമിക്കുന്ന ഡെസിഗ്നേറ്റഡ് ഓഫീസർ/ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. |
| ബി) | ഇതു സംബന്ധിച്ച് ആർക്കാണ് പരാതി നൽകേണ്ടത് എന്നതിനെക്കുറിച്ച് പൊതുജനങ്ങളിൽ ആശങ്ക നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ് ഇവയിൽ നടപടി സ്വീകരിക്കേണ്ടത് ഏത് വിഭാഗമാണെന്ന് വ്യക്തമാക്കാമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികളിൽ നടപടി സ്വീകരിക്കേണ്ടത് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരാണ്. പരാതികൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ ടോൾ ഫ്രീ നമ്പറിലോ (1800 425 1125) ജില്ലാതലത്തിൽ അസിസ്റ്റന്റ് കമ്മീഷണർമാർക്കോ നിയോജകമണ്ഡലാടിസ്ഥാനത്തിൽ (സർക്കിൾ) നിയമിക്കപ്പെട്ട ഫുഡ് സേഫ്റ്റി ഓഫീസർമാർക്കോ നൽകാവുന്നതാണ്. |
| സി) | ഇല്ലെങ്കിൽ ഇതിനായി ഒരു ഏകീകൃത നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | 2006 ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ നിലവാര നിയമം ഇത് സംബന്ധിച്ച സമഗ്ര നിയമമാണ്. ടി നിയമം നിലവിൽ വന്നതോടുകൂടി ഭക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ ഉണ്ടായിരുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും അപ്രസക്തമാകുകയാണുണ്ടായത് ടി നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തുവാനുള്ള അധികാരം പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ